LIBRARY ARCHIVES Kerala Legislative Assembly

പി.എസ്.സി. റാങ്ക് ലിസ്റ്റുകൾ

54 (4778) ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലാവധി കഴിഞ്ഞ പി.എസ്.സി. റാങ്ക് ലിസ്റ്റുകൾ നീട്ടാൻ പി.എസ്.സി. -യോട് ശിപാർശ ചെയ്യാൻ സർക്കാരിന് അധികാരമുണ്ടോ;

(ബി) 20-3-2020 മുതൽ 29-3-2020 വരെയുള്ള ഏതെല്ലാം റാങ്ക് ലിസ്റ്റുകളാണ് 30-3-2020-ലെ എ.വി.(2) 4182/02/ജി.ഡബ്ല്യു. ഉത്തരവ് പ്രകാരം കാലാവധി നീട്ടിയത്; വിശദവിവരം നൽകാമോ;

(സി) പ്രസ്തുത ഉത്തരവ് നിയമപരമായിരുന്നോ; കാലാവധി കഴിഞ്ഞ ലിസ്റ്റുകൾ പുനരുജ്ജീവിപ്പിക്കാൻ പി.എസ്.സി.-ക്ക് അധികാരമുണ്ടോയെന്ന് അറിയിക്കാമോ;

(ഡി) 20-3-2020-ന് കാലാവധി കഴിയുന്നവയെയും 5-2-2021 മുതൽ 3-8-2021 വരെയുമുള്ള പി.എസ്.സി. ലിസ്റ്റുകൾ നീട്ടിയപ്പോൾ കോവിഡ് 19 രൂക്ഷമായിരുന്ന, 21-3-2020 മുതൽ 4-2-2021 വരെയുള്ള റാങ്ക് ലിസ്റ്റുകൾക്ക് പ്രസ്തുത ആനുകൂല്യം നൽകാതിരുന്നത് തുല്യനീതിയുടെ ലംഘനമല്ലെ; പ്രസ്തുത കാലയളവിലെ ലിസ്റ്റിലുൾപ്പെട്ടവർക്ക് അനുകൂലമായി ലിസ്റ്റിന്റെ കാലാവധി നീട്ടി നൽകൽ പരിഗണനയിലുണ്ടോയെന്ന് അറിയിക്കാമോ;

&

(ഇ) പുതിയ റാങ്ക് ലിസ്റ്റ് വരുന്നതുവരെയുണ്ടാവുന്ന ഒഴിവുകളിൽ കാലാവധി കഴിഞ്ഞുപോയ ലിസ്റ്റിലുള്ളവരെ നിയമിക്കാൻ പ്രത്യേക ഉത്തരവിറക്കാൻ കഴിയുമോയെന്ന് വ്യക്തമാക്കാമോ?

പി.എസ്.സി. റാങ്ക് ലിസ്റ്റുകൾ തയ്യാറാക്കാനും ഉദ്യോഗാർത്ഥികൾക്ക് നിയമന ശിപാർശ നൽകാനും റാങ്ക് ലിസ്റ്റുകളുടെ കാലാവധി നിശ്ചയിക്കാനുമുള്ള അധികാരം കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നടപടിചട്ടങ്ങൾ പ്രകാരം കമ്മീഷനിൽ നിക്ഷിപ്തമാണ്. പി.എസ്.സി. റാങ്ക് ലിസ്റ്റുകളുടെ കാലാവധി നീട്ടാൻ സർക്കാർ പി.എസ്.സി.യോട് ശിപാർശ ചെയ്യാറുണ്ട്. സാധാരണഗതിയിൽ കാലാവധി കഴിഞ്ഞ റാങ്ക് ലിസ്റ്റുകൾ നീട്ടാൻ സർക്കാർ ശിപാർശ ചെയ്യാറില്ല. കൊറോണ വ്യാപനവുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് 23-3-2020 മുതലും ദേശീയ തലത്തിൽ 25-3-2020 മുതലും ലോക്ക്ഡൗൺ പ്രഖ്യാപിച്ച അസാധാരണ സാഹചര്യമുണ്ടായി. സർക്കാർ ഓഫീസുകളുടെയും പൊതുമേഖലാ സ്ഥാപനങ്ങളുടെയും

പ്രവർത്തനം അത്യാവശ്യ സേവനങ്ങൾക്ക് മാത്രമായി പരിമിതപ്പെടുത്തേണ്ട സ്ഥിതിയുണ്ടായിരുന്നു. ഈ കാലയളവിലുണ്ടായ ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യാൻ കഴിയാതിരുന്ന അസാധാരണ സാഹചര്യം കണക്കിലെടുത്ത് റാങ്ക് ലിസ്റ്റുകളുടെ കാലാവധി ദീർഘിപ്പിച്ചുനൽകുന്നതിന് സർക്കാർ ശിപാർശ ചെയ്തിരുന്നു.

(എഫ്) 20-3-2020-ന് കാലാവധി കഴിഞ്ഞുപോയ ലിസ്റ്റ് 30-3-2020-ലെ ഉത്തരവുപ്രകാരം പുനരുജ്ജീവിപ്പിക്കാമെങ്കിൽ 21-3-2020 മുതൽ 4-2-2021 വരെയുള്ള പി.എസ്.സി. ലിസ്റ്റുകളുടെ കാലാവധി ഒന്നര വർഷം വരെ പരമാവധി കാലാവധി നൽകി പുനരുജ്ജീവിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

പരിഗണനയിലില്ല

എൽ.പി.എസ്.എ. തസ്തികയിലെ നിയമനം

55 (4779) ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി.-യിലേയ്ക്ക് വിവിധ വകുപ്പുകളിൽനിന്ന് റിപ്പോർട്ട് ചെയ്യപ്പെടുന്ന ഒഴിവുകളിന്മേൽ നിലവിലുള്ള ചട്ടപ്രകാരം നിയമന ശിപാർശ നൽകേണ്ട സമയപരിധി വ്യക്തമാക്കുമോ?

നിശ്ചയിച്ചിട്ടില്ല.

(ബി) റാങ്ക് പട്ടികയിലെ നിയമനത്തിന്മേൽ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഏതെങ്കിലും തരത്തിലുള്ള സ്റ്റേ ഒഴിവാക്കുന്നതിന് പി.എസ്.സി. സ്വീകരിച്ചുവരുന്ന നടപടിക്രമങ്ങൾ എന്തെല്ലാം; വിശദാംശം ലഭ്യമാക്കാമോ?

കോടതി നടപടികൾ നിയമന ശിപാർശകളെ ദോഷകരമായി ബാധിക്കുന്ന അവസരങ്ങളിൽ കേസ് പെട്ടെന്ന് തീർപ്പാക്കുന്നതിനും സ്റ്റേ vacate ചെയ്യുന്നതിനും വേണ്ട നടപടികൾ കൈക്കൊള്ളാൻ പി.എസ്.സി.-യുടെ ലീഗൽ റീറ്റെനർക്ക് കത്ത് നൽകുകയാണ് കമ്മീഷൻ സ്വീകരിക്കുന്ന നടപടിക്രമം.

(സി) തിരുവനന്തപുരം ജില്ലയിലെ എൽ.പി.എസ്.എ. തസ്തികയിലേക്ക് 18-9-2019-ൽ റിപ്പോർട്ട് ചെയ്തിരുന്ന 47 ഒഴിവുകളിലെ നിയമന ശിപാർശ തടയുന്നതുമായി ബന്ധപ്പെട്ട് ഹർജി നൽകിയവർ നിയമന ശിപാർശ തടസ്സപ്പെടുത്തുന്നതിന് ഉന്നയിച്ച തടസ്സവാദമെന്താണ്; ഈ ഹർജിക്കാർക്ക് ഇതേ തസ്തികയിലേയ്ക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ടോ; എങ്കിൽ ഇവർ ഉന്നയിച്ച തടസ്സവാദം നിലനിൽക്കുന്നതാണോ; ഇല്ലെങ്കിൽ സ്റ്റേ ഒഴിവാക്കുന്നതിന് പി.എസ്.സി. സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly